# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം

നമ്പർ : 277.

3..4..2013-ൽ മറുപടിക്ക്

## മിൽമ പാലിന്റെ ഗുണം വർദ്ധിപ്പിക്കാൻ നടപടി

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ;
ശ്രീ. വി. ശിവൻകുട്ടി;
ശ്രീ. എസ്. ശർമ്മ:

(എ) സംസ്ഥാനത്ത് മിൽമ വിൽക്കുന്ന പാൽ ശുദ്ധവും പുതുമയുള്ളതുമാണെന്ന് അവകാശപ്പെടാൻ കഴിയില്ല എന്ന തരത്തിലുള്ള നിരീക്ഷണം കേരള ഹൈക്കോടതി നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരമൊരു പരാമർശം കോടതി നടത്താനിടയായ സാഹചര്യവും ഇതുമായി ബന്ധപ്പെട്ട് കോടതി നടത്തിയിട്ടുള്ള നിരീക്ഷണങ്ങളുടെ വിശദാംശങ്ങളും നൽകാമോ;

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) & (ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(c) No.13468/2011 എന്ന കേസിലെ മിൽമയ്ക്ക് അനുകൂലമായ സിംഗിൾ ബെഞ്ച് വിധിക്ക് എതിരായി ശ്രീ. മാർട്ടിൻ പൈവ എന്ന വ്യക്തി ഫയൽ ചെയ്ത അപ്പീൽ പെറ്റീഷന്റെ (WA No.1442/2011) വിചാരണ വേളയിൽ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച്, മിൽമയുടെ പാൽ വില, പാൽ സംഭരണം, വിതരണം എന്നിവ സംബന്ധിച്ച് ചില വിശദാംശങ്ങൾ സമർപ്പിക്കുവാൻ 4..10..2011 ൽ ഉത്തരവിട്ടിരുന്നു. ഇതനുസരിച്ച് വിശദാംശങ്ങൾ അഡീഷണൽ അഫിഡവിറ്റ് ആയി മിൽമ ഫയൽ ചെയ്യുകയുണ്ടായി.

ഈ കേസിന്റെ വിചാരണ വേളയിൽ മിൽമ ധാരാളം പാൽപ്പൊടി മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് പാലാക്കി വിൽപ്പന നടത്തുന്നുണ്ടെന്നും ഇങ്ങനെ വിൽക്കുന്ന പാലിന്റെ പായ്ക്കറ്റിനു പുറത്ത് Fresh & Pure എന്ന് പ്രിന്റ് ചെയ്യുന്നുണ്ടെന്നും, ആയത് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനാൽ തടയണമെന്നും ശ്രീ. മാർട്ടിൻ പൈവക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ആവശ്യപ്പെട്ടു. മിൽമ പാൽപ്പൊടി ഉപയോഗിക്കുന്നുണ്ടോ എന്നും, എന്തുകൊണ്ടാണ് പാൽപ്പൊടി ഉപയോഗിക്കേണ്ടിവരുന്നതെന്നും വിശദമാക്കുവാനും വിശദീ

കരണം തൃപ്തികരമല്ലെങ്കിൽ പൊതുജന താല്പര്യാർത്ഥം പാൽപ്പൊടി ചേർത്ത പാൽ ഫ്രഷ് പാൽ എന്ന രീതിയിൽ വിൽക്കുന്നത് നിരോധിക്കേണ്ടി വരുമെന്നും ബഹുമാനപ്പെട്ട കോടതി 28..10..2011 ൽ ഇടക്കാല ഉത്തരവു നല്കി.

ഈ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാൽപ്പൊടി ഉപയോഗിച്ച് പാലിലെ എസ്.എൻ.എഫിന്റെ അനുപാതം നിയമം അനുശാസിക്കുന്ന അനുപാതത്തിലേയ്ക്ക് ഉയർത്തുന്നതും പാൽക്ഷാമം ഉണ്ടാകുമ്പോൾ പാലിൽ നിന്നു തന്നെ ഉല്പാദിപ്പിച്ച പാൽപ്പൊടി തിരികെ ചേർത്ത് പാൽ പുനസംഘടിപ്പിക്കുന്നതും സാങ്കേതികമായ കാര്യങ്ങളാകയാൽ ഇതു സംബന്ധിച്ച് വിശദമായ അഫിഡവിറ്റ് 2011-ൽ മിൽമ ഫയൽ ചെയ്തു. 2013 ൽ കേസ് പരിഗണനയ്ക്ക് വന്ന വേളയിൽ എതിർഭാഗം അഡ്വക്കേറ്റ് ഈ വിഷയം വീണ്ടും ഉന്നയിച്ചപ്പോൾ ഇതു സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനായി മിൽമ ഒരു അഡീഷണൽ അഫിഡവിറ്റും ഒരു റിപ്ലൈ അഫിഡവിറ്റും ഫയൽ ചെയ്തിട്ടുണ്ട്. ഇതിനു ശേഷം കോടതിയിൽ നിന്നും ഇതുവരെ ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. ഈ കേസ് കോടതിയുടെ പരിഗണനയിലാണ്.

| | |
|---|---|
| (സി) കോടതി നടത്തിയ പരാമർശത്തെ തുടർന്ന് മിൽമ പാലിനെ സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുള്ള അവമതിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) മിൽമ പാലിനെ സംബന്ധിച്ച് പൊതുജനങ്ങളുടെയിടയിൽ അവമതിപ്പ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഈ സാഹചര്യത്തിൽ മിൽമ പാലിന്റെ ഗുണം വർദ്ധിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (ഡി) മിൽമപാൽ നിയമം അനുശാസിക്കുന്ന ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷം മാത്രമാണ് വിപണിയിൽ ഇറക്കുന്നത്. |

സെക്ഷൻ ഓഫീസർ.